## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത 2392-ാം നമ്പർ ചോദ്യം

## 13.02.2013-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. കെ. എം. മാണി<br>ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| ചോദ്യം | ഉത്തരം |
| (എ) 2011-12 വർഷത്തിൽ ധനകാര്യ പരിശോധന വിഭാഗം മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, ജില്ലാ മെഡിക്കൽ സ്റ്റോറുകൾ, മെഡിക്കൽ കോളേജുകളിലെ മെഡിക്കൽ സ്റ്റോറുകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ കീഴിലുള്ള ജില്ലാ ഗോഡൗണുകളിൽ നശിപ്പിക്കുവാനായി സൂക്ഷിച്ചിരിക്കുന്ന ₹1,79,63,749.22 വില വരുന്ന ഗുണനിലവാരം കുറഞ്ഞതും, കാലാവധി കഴിഞ്ഞതും, കേടുപാടുകൾ സംഭവിച്ചതുമായ മരുന്നുകൾ നശിപ്പിക്കുന്നതിനുള്ള അനുവാദം ആവശ്യപ്പെട്ടുകൊണ്ടും, ടി തുക എഴുതിത്തള്ളുന്നതിനുമായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ നശിപ്പിക്കാനായി ജില്ലാ ഗോഡൗണുകളിൽ സൂക്ഷിച്ചിരിക്കുന്നുവെന്നറിയിച്ച മരുന്നുകളുടെ നിലവിലെ സ്ഥിതി, അളവ്, നശിപ്പിക്കുന്നതു മൂലം സർക്കാരിനുണ്ടാകുന്ന നഷ്ടങ്ങൾക്ക് ആരെങ്കിലും ഉത്തരവാദികളാണോ? എന്നിവ പരിശോധിച്ച് കണ്ടെത്തുന്നതിനായി ധനകാര്യ പരിശോധന വിഭാഗം 14 ജില്ലാ ഗോഡൗണുകൾ, മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ ആസ്ഥാനം എന്നിവിടങ്ങളിൽ |

| | |
|---|---|
| | 2012 ഏപ്രിൽ, മെയ് മാസങ്ങളിൽ പരിശോധന നടത്തിയിരുന്നു. |
| (ബി) എന്തെല്ലാം ക്രമക്കേടുകളിലാണ് പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ; | വിശദാംശങ്ങളടങ്ങിയ പരിശോധനക്കുറിപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (സി) ക്രമക്കേടുകൾ സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | പരിശോധനാ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള വീഴ്ചകൾ പരിഹരിച്ച് ഉപയോഗശൂന്യമായ മരുന്നുകൾ നശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ ശുപാർശകളടങ്ങിയ റിപ്പോർട്ട് ഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. |
| (ഡി) പരിശോധന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | ലഭ്യമാക്കുന്നതാണ്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ